I ഇ.ബി. XII - കേരള നിയമസഭ/XVII-8

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 17, വ്യാഴം

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനം

മി. സ്പീക്കർ: സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴിയായിരിക്കണമെന്ന നിർദ്ദേശം നിലവിലിരിക്കെ അതിന് വിപരീതമായി ജോലി ലഭിച്ച താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ ജോസഫ് എം. പുതുശ്ശേരി, കെ.ബാബു, സി.ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കഴിഞ്ഞ അഞ്ചുവർഷം ലക്ഷക്കണക്കിനാളുകൾക്ക് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ

തൊഴിൽ ലഭ്യമാക്കി തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചിട്ട പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുകയും നഷ്ടത്തിലുള്ളവ ലാഭത്തിലാക്കുകയും 9 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ കിറ്റ്കോ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ്, നാഷണൽ പ്രൊഡക്റ്റിവിറ്റി കൗൺസിൽ എന്നീ സ്ഥാപനങ്ങൾ മുഖേന എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് നിയമനം നടത്തുന്നത്. സർവ്വീസിൽ പത്തുവർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ ഒരു കാരണവശാലും പിരിച്ചുവിടരുതെന്നാണ് ഈ സർക്കാരിന്റെ നയം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവസ്വം ബോർഡ്, സർവ്വകലാശാല അദ്ധ്യാപകർ തുടങ്ങിയ ഏഴ് വിഭാഗങ്ങളിലെ നിയമനങ്ങൾ കൂടി പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം മാനദണ്ഡങ്ങൾ പാലിച്ച് തികച്ചും സുതാര്യമായാണ് നടത്തുന്നത്.

ശ്രീ. ജോസഫ്. എം. പുതുശ്ശേരി. : താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുകയാണെങ്കിൽ എംപ്ളോയ്മെൻറ് എക്സ്ചേഞ്ച് വഴിയായിരിക്കണമെന്ന നിർദ്ദേശം പാലിക്കാതെ പിൻവാതിൽ നിയമനം നേടിയവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ആർ.സി..സി., സിഡ്കോ, സയൻസ് ആന്റ് ടെക്നോളജി എന്നിവിടങ്ങളിൽ സംവരണതത്വം പാലിക്കാതെ പിൻവാതിൽ നിയമനം നടത്താനും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുമുള്ള നീക്കം ഉപേക്ഷിക്കണം. നിലവിലി

ല്ലാത്ത 9 പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ നിയമനത്തിന് ഇന്റർവ്യൂ നടത്തിയിരിക്കുന്നതും  കാഷ്വൽ ലേബറേഴ്സിനേയും സീസണൽ ലേബറേഴ്സിനേയും സ്ഥിരപ്പെടുത്താൻ പാടില്ലെന്നുള്ള സർക്കാർ ഉത്തരവ് നിലനിൽക്കേ അവരെ സ്ഥിരപ്പെടുത്തുന്നതും  നിയമവിരുദ്ധമായതിനാൽ ഈ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനാവിധേയമാക്കണം. പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യതയെ സംബന്ധിച്ചും പരിശോധിക്കണം. ആരോഗ്യകേരളം പദ്ധതിയിൽ കണ്ണൂർ, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ  നടത്തിയ നിയമനങ്ങളിൽ  ചുരുക്കം പേരെ മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചത്. ഗവൺമെന്റിന്റെ കാലാവധി കഴിയാൻ പോകുന്ന അവസരത്തിൽ ഇത്തരത്തിൽ നിയമനം നൽകാനുള്ള  നടപടി അവസാനിപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഇവിടെ നടത്തിയ പരാമർശങ്ങളിൽ ഒരു കഴമ്പുമില്ല. വ്യക്തമായ സെലക്ഷന്റെ അടിസ്ഥാനത്തിലാണ് എല്ലാ സ്ഥാപനങ്ങളിലും  നിയമനം നടത്തിയിട്ടുള്ളത്. പത്തുവർഷത്തിലേറെയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷിതമാക്കാൻവേണ്ടി ചില സ്ഥിരപ്പെടുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് തെറ്റാണെന്ന് സർക്കാർ കരുതുന്നില്ല. വ്യവസ്ഥയ്ക്ക്  വിരുദ്ധമായി  ഒരു നിയമനവും നടത്തിയിട്ടില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സംവരണതത്വം പാലിച്ചിട്ടാണോ ഇത്തരം നിയമനങ്ങൾ നടത്തിയതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ചില സ്ഥാപനങ്ങളിൽ സംവരണതത്വങ്ങളുടെ അടിസ്ഥാനത്തിലാണ് ഓരോ നിയമനവും നടന്നിട്ടുള്ളത്. ഏതെങ്കിലും സ്ഥാപനത്തിൽ നടത്തിയ നിയമനങ്ങളെ സംബന്ധിച്ച് സ്പെസിഫിക്കായിട്ട് ചോദിക്കുകയാണെങ്കിൽ അതിന് അർഹിക്കുന്ന മറുപടി ലഭ്യമാക്കുന്നതാണ്. അടിയന്തിരപ്രമേയത്തിന് യാതൊരു പ്രസക്തിയുമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാന വഴിയോര കച്ചവടനയം

ശ്രീ. വി.എസ്. സുനിൽകുമാർ: കേരളത്തിൽ തെരുവോരങ്ങളിൽ കച്ചവടം നടത്തുന്നവരെ പലപ്പോഴും പോലീസിന്റേയും നഗരസഭയുടേയും മുനിസിപ്പാലിറ്റിയുടേയുമൊക്കെ ഏകപക്ഷീയമായ ഇടപെടലുകളെത്തുടർന്ന് യാതൊരു മുന്നറിയിപ്പുമില്ലാതെ ഒഴിപ്പിക്കുകയും ഇവരുടെ സാധനസാമഗ്രികൾ നശിപ്പിക്കുകയും ചെയ്യാറുണ്ട്. നഗരവൽക്കരണം വർദ്ധിക്കുന്നതനുസരിച്ച് ഈ വഴിയോരക്കച്ചവത്തിലേർപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയ ജനസംഖ്യയിൽ രണ്ടര ശതമാനത്തിലധികം വരുന്ന ജനങ്ങൾ തെരുവുകച്ചവടം നടത്തി ഉപജീവനം കഴിക്കുന്നവരാണ്.

ഏറ്റവും ചുരുങ്ങിയ ചെലവിൽ ജനങ്ങൾക്ക് വിവിധ തരത്തിലുള്ള സാധന ങ്ങളും സേവനങ്ങളും കൊടുക്കുന്ന ഇവർ നഗര വികസനത്തിലും പ്രധാന പങ്ക് വഹിക്കുന്നു. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഇവർ സുപ്രീംകോടതിയെ സമീപിച്ചപ്പോൾ അതാതു സംസ്ഥാന ഗവൺമെന്റുകൾ 2011-ജൂൺ മാസം 30-നു മുമ്പായി വഴിയോര കച്ചവടവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണവും നയവും രൂപീകരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് 2004-ലും, 2009-ലും കേന്ദ്ര ഗവൺമെന്റ് ഒരു നയം രൂപീകരിച്ച് സംസ്ഥാനങ്ങളോട് നടപ്പാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 'കിലേ' എന്ന സ്ഥാപനം ഇതുമായി ബന്ധപ്പെട്ട് ഒരു നയരൂപീകരണത്തിന്റെ പാതയിലാണെന്നാണ് മനസ്സിലാകുന്നത്. ഭരണഘടനയിലും ഇത്തരം തൊഴിലിൽ ഏർപ്പെടുന്ന വരുടെ അവകാശം പ്രഖ്യാപിച്ചിട്ടുണ്ട്. പൊതുനിരത്ത് യാത്രികർക്ക് മാത്രമാണ് എന്ന ഒറ്റ കാരണത്താൽ വഴിയോര കച്ചവടക്കാർക്ക് നിഷേധി ക്കാൻ കഴിയില്ല എന്ന് സുപ്രീംകോടതി തന്നെ പറഞ്ഞിട്ടുണ്ട്. വഴിയോരക്കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതുനയം പ്രഖ്യാപിക്കുകയും നിയന്ത്രണ-നിയമവിധേയമായി പുനരധിവസി പ്പിക്കുന്നതിന്റെ ഭാഗമായി ഇവർക്ക് പ്രത്യേക മേഖല തിരിച്ചുകൊണ്ട് കച്ചവടം നടത്താനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സംസ്ഥാനത്ത് വഴിയോരങ്ങളിൽ കച്ചവടം നടത്തി ഉപജീവനം നടത്തുന്ന ലക്ഷക്കണക്കിന് ആളുകൾ നേരിടുന്ന വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും സ്ഥലദൗർലഭ്യവും നിരത്തിൽ അനുദിനം വർദ്ധിച്ചുവരുന്ന

വാഹനങ്ങളുടേയും കാൽനട യാത്രക്കാരുടേയും തിരക്കുകാരണവും ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിയാതെവന്നു. അവരുടെ സംഘടനാ പ്രതിനിധികളുമായി 14-02-2011-ൽ ചർച്ച നടത്തുകയും ദേശീയ നയത്തിനനുസൃതമായും സംസ്ഥാന സാഹചര്യങ്ങൾക്കിണങ്ങുന്നതുമായ ഒരു കരട് നയം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് നയത്തെക്കുറിച്ച് വിവിധ മേഖലകളിലുള്ളവരുമായി 17-02-2011-ന് വിശദമായ ചർച്ച നടത്തുന്നതാണ്. ചർച്ചയിലുണ്ടാകുന്ന പ്രായോഗിക നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് അന്തിമനയത്തിന് രൂപം നൽകുന്നതും അടുത്ത ദിവസംതന്നെ തീരുമാനമെടുക്കുന്നതുമാണ്.

(2) <u>ബി.പി.എൽ. ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എം. ഉമ്മർ</u>: സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പുതിയതായി നൽകിയ റേഷൻകാർഡുകളിൽ അത് സംബന്ധിച്ച വിവരം രേഖപ്പെടുത്തി നൽകാത്തതുകാരണം ബി.പി.എൽ. കുടുംബങ്ങൾക്ക് ലഭിക്കേണ്ട സംസ്ഥാന-കേന്ദ്ര ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. ബി.പി.എൽ. ലിസ്റ്റിൽ മുമ്പുണ്ടായിരുന്നവർക്കും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പുതുതായി ഉൾപ്പെടുത്തിയവർക്കും അവരുടെ റേഷൻ കാർഡുകളിൽ അതു സംബന്ധിച്ച വിവരം രേഖപ്പെടുത്തി നൽകാത്തതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാർ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ട്. ഇനിയും റേഷൻകാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇങ്ങനെയുള്ള കുടുംബങ്ങൾക്ക് പുതിയ ബി.പി.എൽ. കാർഡിൽ സംസ്ഥാന ലിസ്റ്റാണോ കേന്ദ്ര ലിസ്റ്റാണോ എന്നുള്ള എൻഡോഴ്സ്മെന്റ് രേഖപ്പെടുത്തി

നൽകുന്നതിനും വിതരണം ചെയ്ത കാർഡുകൾ തിരിച്ചുവാങ്ങി ഇക്കാര്യം രേഖപ്പെടുത്തി നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബി.പി.എൽ/എ.പി.എൽ. വിഭാഗങ്ങളെക്കുറിച്ച് 1997-ൽ കേന്ദ്ര സർക്കാർ നിർണ്ണയിച്ച മാനദണ്ഡങ്ങൾ ഇപ്പോഴും തുടരുകയാണ്. സംസ്ഥാനത്ത് നിലവിൽ ബി.പി.എൽ.എ,. എ.വൈ വിഭാഗത്തിൽപെട്ട 2052554 കുടുംബങ്ങളുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സർവേപ്രകാരം ബി.പി.എൽ. കുടുംബാംഗങ്ങളുടെ എണ്ണം 32.29 ലക്ഷമാണ്. അതനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചില സൂചകങ്ങളുടേയും മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ച സമീകൃത ലിസ്റ്റ് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമായാലുടൻതന്നെ ബന്ധപ്പെട്ട ബി.പി.എൽ. ഗുണഭോക്താക്കളുടെ റേഷൻ കാർഡുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### (1) സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിയെടുത്ത കപ്പലിലെ ജീവനക്കാരെ രക്ഷിക്കുന്നതിന് നടപടി

(ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. വിശ്വൻ, എം.എൽ.എ-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. വി.എൻ. വാസവൻ : സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിയെടുത്ത കപ്പലിലെ ജീവനക്കാരെ മോചിപ്പിക്കാനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ ) : 08-02-2011-ൽ ഇന്ത്യൻ സമുദ്രാതിർത്തിയിൽനിന്ന് സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിയെടുത്ത കപ്പലിൽ മലയാളികളും ഉണ്ടെങ്കിലും സർക്കാരിന് അതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര അന്വേഷണം നടത്തി കപ്പലിലുള്ളവരുടെ മോചനത്തിന് നടപടി സ്വീകരിക്കണമെന്ന് കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർക്കും മുംബൈയിലെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും സന്ദേശം നൽകിയിട്ടുണ്ട്. കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ നൽകിയ മറുപടിയിൽ ഇക്കാര്യം 08-02-2011-ത്തന്നെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, നേവൽ ഹെഡ്ക്വാർട്ടേഴ്സ്, വിദേശ കാര്യമന്ത്രാലയത്തിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർക്ക് ഹൈക്കമ്മീഷന്റെ പ്രതിരോധ വിഭാഗം ആവശ്യമായ വിവരങ്ങളും നിർദ്ദേശ ങ്ങളും നൽകിയിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിൽ നിന്നോ മറ്റ് അധികാരികളിൽനിന്നോ ഇതുവരെ മറുപടിയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(2) തുറവൂർ-വളമംഗലം-തൈക്കാട്ടുശ്ശേരി പാലത്തിന്റെ നിർമ്മാണം

ശ്രീ. എ.എം. ആരിഫ് : തുറവൂർ-വളമംഗലം-തൈക്കാട്ടുശ്ശേരി പാലത്തിന്റെ നിർമ്മാണം സി.ആർ.എഫ്-ലോ നബാർഡിലോ ഉൾപ്പെടുത്തി എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : തുറവൂർ-പമ്പ പാലം പൂർത്തീകരി ക്കുന്നതിന് തൈക്കാട്ടുശ്ശേരി പാലവും നേരേക്കടവ്-മാക്കേക്കടവ് പാലവും പണിയേണ്ടതായിട്ടുണ്ട്. തൈക്കാട്ടുശ്ശേരി പാലത്തിന്റെ മണ്ണുപരിശോധന

പൂർത്തിയാക്കി പാലത്തിന്റെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 40 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തൈക്കാട്ടുശ്ശേരി പാലവും 70 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന നേരേക്കടവ്-മാക്കേക്കടവ് പാലവും പണിയുന്നതിന് ഭരണാനുമതി നൽകി എത്രയുംവേഗം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കുന്നതാണ്.

(3) ആര്യനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. ജി. കാർത്തികേയൻ : ആര്യനാട് മണ്ഡലം ഫെബ്രുവരി മാസത്തിൽത്തന്നെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാ നുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ആദിവാസി ജനവിഭാഗം താമസിക്കുന്ന വനപ്രദേശം ഉൾപ്പെട്ട ആര്യനാട് മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി മൂന്ന് കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 1,90,00,000 രൂപ പട്ടികവർഗ്ഗ വികസനവകുപ്പ് കെ.എസ്.ഇ.ബി-ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വനഭൂമിയിലൂടെ ലൈൻ വലിക്കുന്നതിന് വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപന ങ്ങൾ വഴി പണം നൽകാമെന്ന് പറഞ്ഞിരുന്നെങ്കിലും പല പഞ്ചായത്തുകളിൽ നിന്നും അത് ലഭിച്ചിട്ടില്ല. ആര്യനാട് ഉഴമലയ്ക്കൽ പഞ്ചായത്തിൽനിന്ന് 3.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടും ലഭ്യമാക്കാം എന്നു പറഞ്ഞി ട്ടുണ്ട്. ബാക്കിയുള്ള ബാധ്യത കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നടപ്പിലാ ക്കുന്നതാണ്.

(4) <u>മുക്കാടത്ത് മുഹമ്മദ് കുഞ്ഞിയുടെ ദുരൂഹമരണം</u>

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u> : തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചെരുക്കരയിൽ മുക്കാടത്ത് മുഹമ്മദ് കുഞ്ഞിയുടെ ദുരൂഹ മരണത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റവാളികളെ കണ്ടെത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :</u> കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽപ്പെട്ട ചെറുക്കളയിൽ 52 വയസ്സുള്ള മുഹമ്മദ് കുഞ്ഞിയെ 13-01-2011-ന് രാത്രി 8 മണിക്ക് ഒരു ഫോൺ കാൾ വന്നതിനെത്തുടർന്ന് വീട്ടിൽനിന്ന് പോയതിനുശേഷം കാണാതായിയെന്ന ഭാര്യാ സഹോദരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ തളിപ്പറമ്പ് പോലീസ് മാൻ മിസ്സിംഗിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. എന്നാൽ 16-01-2011-ന് 8.45-ന് മുഹമ്മദ് കുഞ്ഞിയുടെ മൃതദേഹം വീടിനടുത്തുള്ള കശുമാവിൻ തോട്ടത്തിൽ കാണപ്പെടുകയും മരണത്തിൽ സംശയമുള്ളതായി പരാതിക്കാരൻ അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് പരിശോധന നടത്തുകയും മാൻ മിസ്സിംഗ് കേസ് മാറ്റി ക്രിമിനൽ നടപടിക്രമമനുസരിച്ചുള്ള വകുപ്പ് ചേർത്ത് കോടതിയിൽ റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രസ്തുത കേസന്വേഷണം തളിപ്പറമ്പ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഏറ്റെടുക്കുകയും തെളിവെടുപ്പ് നടത്തുകയുമുണ്ടായി. മൃതദേഹത്തിൽ മുറിവുകളൊന്നും ഉണ്ടായിരുന്നില്ലെന്നും ഹൃദയധമനി ചുരുങ്ങിപ്പോയതാണ് മരണകാരണമെന്നും ആന്തരിക അവയവങ്ങളുടെ രാസപരിശോധനയ്ക്കുശേഷം മാത്രമേ കൂടുതൽ

കാര്യങ്ങൾ വ്യക്തമാവുകയുള്ളൂവെന്നുമാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽനിന്നും വ്യക്തമാകുന്നത്. അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നതിനുപുറമെ കേസിന്റെ മേൽനോട്ടം വഹിക്കാൻ കണ്ണൂർ എസ്.പി.-ക്ക് നിർദ്ദേശം കൊടുക്കുന്നതുമാണ്.

(5) വെള്ളിയാങ്കല്ല് റിസർവോയർ-കം-ബ്രിഡ്ജ് പ്രദേശത്ത് ടൂറിസം പാർക്ക്

ശ്രീ. ടി. പി. കുഞ്ഞുണ്ണി : തൃത്താല മണ്ഡലത്തിലെ വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി പ്രദേശത്ത് ആരംഭിച്ചിട്ടുള്ള മിനി പാർക്കിന്റെയും അനുബന്ധ സൗകര്യങ്ങളുടേയും പണി ദ്രുതഗതിയിലാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പാലക്കാട് ജില്ലയിലെ തൃത്താലയിൽ വെള്ളിയാങ്കല്ല് റിസർവോയർ-കം-ബ്രിഡ്ജ് പദ്ധതി പ്രദേശത്തിന്റെ ടൂറിസം വികസനസാധ്യത കണക്കിലെടുത്ത് പദ്ധതികൾ ഏറ്റെടുക്കുന്നതിനുവേണ്ടി 52 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും സിഡ്കോയെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(6) സ്പിരിറ്റ് കേസിലെ പ്രധാന പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ നടപടി

ശ്രീ. വി. ഡി. സതീശൻ: എറണാകുളം ജില്ലയിൽ ആലങ്ങാട് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ ജമാ-അത്ത് പള്ളി സെക്രട്ടറിയായ അബ്ദുൾ സലാമിന്റെ പുരയിടത്തിൽനിന്നും സ്പിരിറ്റ് കണ്ടെത്തിയ കേസിലെ യഥാർത്ഥ കുറ്റവാളികളേയും തെറ്റായ സന്ദേശം നൽകിയവരേയും

നിയമത്തിനുമുന്നിൽ കൊണ്ടുവരികയും മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ച് അന്വേഷണം നടത്തുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ആലുവ വെസ്റ്റ് പോലീസ് സബ് ഇൻസ്പെക്ടർക്ക് 2010 ഒക്ടോബർ 24-ന് ഫോൺ സന്ദേശം ലഭിച്ചതിനെത്തുടർന്ന് പട്രോളിംഗ് ഡ്യൂട്ടിയിലായിരുന്ന സബ്ഇൻസ്പെക്ടറും സംഘവും അബ്ദുൾ സലാമിന്റെ പുരയിടത്തിൽ നടത്തിയ പരിശോധനയിൽ വീടിനുപുറത്തുള്ള മോട്ടോർ ഷെഡ്ഡിൽനിന്നും 5 ലിറ്റർ വീതമുള്ള രണ്ട് കന്നാസുകളിലായി 10 ലിറ്റർ അനധികൃത സ്പിരിറ്റ് കണ്ടെത്തുകയും എസ്.ഐ. വാദിയായി അബ്കാരി ആക്ട്പ്രകാരം ആലുവ വെസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. പ്രസ്തുത സംഭവത്തെക്കുറിച്ച് വിവരം നൽകിയത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതോടൊപ്പം 25-ഓളം ആളുകളെ ചോദ്യം ചെയ്യുകയും ശ്രീ.അബ്ദുൾ സലാമിന്റെ മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡിവൈ.എസ്.പി.യെ ചുമതല ഏൽപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുന്നതാണ്.

(7) വഴിക്കടവിലെ താമസക്കാർക്ക് പട്ടയം

ശ്രീ. പി. സി. ജോർജ് : പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട മുരുകൻമല പ്രദേശം ഹൈന്ദവ സമൂഹത്തിന് പതിച്ചുകൊടുക്കാനും അവിടെ അധിവസിക്കുന്ന 124 കുടുംബങ്ങൾക്ക് പട്ടയം നൽകാനും അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മീനച്ചിൽ താലൂക്കിൽ തീക്കോയി വില്ലേജിൽ മുരുകൻമല സ്ഥിതിചെയ്യുന്ന 25 ഏക്കർ ഭൂമി എസ്.എൻ.ഡി.പി. യൂണിയൻ കൈവശം വച്ചുവരുന്നതാണ്. മൂന്ന് ഹെക്ടർ സ്ഥലമെങ്കിലും പതിച്ചുനൽകണമെന്ന അപേക്ഷപ്രകാരം സർവ്വേ നടത്തിയിട്ടുണ്ട്. ചെങ്കുത്തായതും പാറക്കെട്ടുകൾ നിറഞ്ഞതുമായതിനാൽ 2.83 ഹെക്ടർ സർവ്വേ ചെയ്ത് പ്ലാൻ തയ്യാറാക്കി റിവൈസ് ചെയ്ത അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. നിരവധി ഭക്തജനങ്ങൾ എത്തിച്ചേരുന്ന സ്ഥലമായതിനാൽ താല്പര്യപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. പൂഞ്ഞാറിലെ നെടുംഭാഗം വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട മിച്ചഭൂമിയിൽ താമസിക്കുന്ന ചില കുടുംബങ്ങളുടെ കൈവശം അനുവദിച്ചുകൊടുക്കാവുന്നതിൽക്കൂടുതൽ ഭൂമിയുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. അത്തരം ഭൂമി തിരിച്ചെടുക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരം കണ്ടുകൊണ്ട് നിയമത്തിനകത്തുനിന്നുകൊണ്ട് സാധ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

(8) മരിയനാട് കോഫി പ്ലാന്റേഷൻ തൊഴിലാളികൾക്ക് കൈവശരേഖ

ശ്രീ. പി. കൃഷ്ണപ്രസാദ്: കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങിക്കൊണ്ട് പാമ്പ്ര ഉൾപ്പെടെയുള്ള മരിയനാട് പ്രദേശത്തെ മൂന്ന് കാപ്പിത്തോട്ടങ്ങൾ തൊഴിലാളികൾക്ക് വിട്ടുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മരിയനാട് കോഫി പ്ലാന്റേഷനും പാമ്പ്ര കോഫി പ്ലാന്റേഷനും പാമ്പ്ര ഭാഗത്ത് 233 ഹെക്ടർ

നിക്ഷിപ്ത വനപ്രദേശത്ത് വെസ്റ്റഡ് ഫോറസ്റ്റ് അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി റോബസ്റ്റ കാപ്പിച്ചെടികൾ വച്ചുപിടിപ്പിച്ച തോട്ടങ്ങളാണ്. വനംവകുപ്പ് പരിപാലിച്ചുവരുന്ന ഈ തോട്ടം കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറിയിരുന്നു. തോട്ടം പ്രവർത്തനരഹിതമായതിനെത്തുടർന്ന് തോട്ടത്തിൽ ജോലിചെയ്തുവന്നിരുന്ന 139 തൊഴിലാളി കുടുംബങ്ങൾ 2003-ൽ പ്രസ്തുത എസ്റ്റേറ്റിൽ കയറി വീടുവച്ച് താമസിച്ചുവരികയാണ്. ഈ കാപ്പിത്തോട്ടത്തിൽ താമസിക്കുന്ന മറ്റ് 346 ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരം 128.40 ഹെക്ടർ വനഭൂമിക്ക് വനാവകാശവും നൽകിയിട്ടുണ്ട്. തോട്ടത്തിൽ ജോലി ചെയ്തുവന്നിരുന്ന ആദിവാസികളല്ലാത്ത 139 തൊഴിലാളി കുടുംബങ്ങളുടെ കൈവശരേഖാ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് വിധേയമായി കൈകാര്യം ചെയ്യുന്നതാണ്.

(9) റേഷൻ കാർഡിന് അപേക്ഷിക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ബാബു എം. പാലിശ്ശേരി: അക്ഷയ സെന്ററുകളിലൂടെ ഓൺലൈൻവഴി റേഷൻ കാർഡിനായി അപേക്ഷ നൽകുന്നതിന്റെ ഗുണവശം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ മാർഗ്ഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലാ-താലൂക്ക് സപ്ലൈ ആഫീസർമാർ കർശനമായി പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും തലപ്പള്ളി താലൂക്ക് സപ്ലൈ ആഫീസിൽ അപേക്ഷ നൽകിയവർക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനും റേഷൻ കാർഡിലാവശ്യമായ തിരുത്തലുകൾ വരുത്തുന്നതിനും അപേക്ഷകൾ സമർപ്പിക്കുന്ന

തിന് പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കുന്നതിന്റെ ഭാഗമായാണ് അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയത്. സ്വന്തം നിലയിലോ, അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിച്ചാലും അപേക്ഷകളോടൊപ്പം റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ് മുതലായവ താലൂക്ക് സപ്ലൈ ആഫീസിൽ ഹാജാരാക്കിയേ മതിയാകൂ. കൂടാതെ പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകന്റെ ഫോട്ടോ എടുക്കുന്നതിന് അപേക്ഷകന്റെ സാന്നിദ്ധ്യമുണ്ടായേ മതിയാകൂ. വ്യാജരേഖകൾ ഉപയോഗിച്ച് റേഷൻ കാർഡ് സമ്പാദിക്കുന്നതും സ്ഥലത്ത് ഇല്ലാത്ത ആളുകളുടെ ഫോട്ടോ സമർപ്പിച്ച് റേഷൻ കാർഡ് നേടാൻ ശ്രമിക്കുന്നതും തടയുന്നതിനുവേണ്ടിയാണ് ഇപ്രകാരം വ്യവസ്ഥചെയ്തിട്ടുള്ളത്. പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് അനിവാര്യമായ കേസുകളിൽ മാത്രമേ നേരിട്ടുള്ള അന്വേഷണം നടത്തുന്നുള്ളൂ. അല്ലാത്ത കേസുകളിൽ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ റേഷൻ കാർഡ് വിതരണം ചെയ്യുന്നുണ്ട്. അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കുന്നതിനായി ആരംഭിച്ച ഓൺലൈൻ സംവിധാനത്തിന്റെ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ സപ്ലൈ ആഫീസുകളിലും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ മഹാഭൂരിപക്ഷവും ഇതിനകംതന്നെ തീർപ്പാക്കിക്കഴിഞ്ഞു. തലപ്പള്ളി താലൂക്കിൽ ലഭിച്ച 113784 അപേക്ഷകളിൽ 7504 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഏതാനും ദിവസങ്ങൾക്കകം പൂർത്തിയാക്കി കാർഡുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) തിരുമൂലപുരം എസ്.എൻ.വി. ഹൈസ്കൂളിൽ പ്ളസ് ടു അനുവദിക്കാൻ നടപടി

ശ്രീ. മാത്യു ടി. തോമസ്: പ്ലസ് ടു അനുവദിക്കുന്നതിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ അയവുവരുത്തി തിരുവല്ല നിയോജക മണ്ഡലത്തിലെ തിരുമൂലപുരം എസ്.എൻ.വി. ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കാൻ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കണ്ടറിയോ സമാനമായ കോഴ്സുകളോ പഠിക്കാനുള്ള സൗകര്യമുണ്ടാക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറിയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയും ആരംഭിക്കണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാംഘട്ടമെന്ന നിലയിൽ ഹയർ സെക്കണ്ടറി പഠനത്തിന് നിലവിൽ പരിമിതമായ സൗകര്യങ്ങളുള്ള തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലും ഇടുക്കി ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലും ഹയർ സെക്കണ്ടറി സ്ക്കൂൾ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തിന്റെ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കണമെന്നതാണ് സർക്കാരിന്റെ ആഗ്രഹം. ഭൂമിശാസ്ത്രപരമായ സവിശേഷത, ജനസാന്ദ്രത, തീരപ്രദേശം, ന്യൂനപക്ഷസമൂഹങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങൾ എന്നിവ പരിഗണിച്ച് ഒന്നിൽക്കൂടുതൽ സ്ക്കൂളുകൾ ഒരു പഞ്ചായത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള സാദ്ധ്യത ആരായുന്ന ശാസ്ത്രീയമായ പഠനത്തിന്റെ പശ്ചാത്തലത്തിൽ വേണം ഏതെല്ലാം സ്ക്കൂളുകൾ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തേണ്ടത് എന്ന് കണ്ടെത്താൻ. ഈ നടപടി

കൾ കൈക്കൊള്ളുന്ന ഘട്ടത്തിൽ തിരുവല്ല നിയോജക മണ്ഡലത്തിലെ തിരുമൂലപുരം എസ്. എൻ. വി. ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(11) ജില്ലകളുടേയും താലൂക്കുകളുടേയും പുന:സംഘടന

ശ്രീ. സി.പി. മുഹമ്മദ്: ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്കാക്കുന്നതിനും ജില്ലകളും താലൂക്കുകളും അടിയന്തിരമായി പുന:സംഘടിപ്പിക്കുന്നതിനും ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിഭജിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): വിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ എന്നിവ ചൂണ്ടിക്കാട്ടി ജില്ലകളും താലൂക്കുകളും വില്ലേജുകളും പുന:സംഘടിപ്പിക്കണമെന്ന ആവശ്യം പരിശോധിക്കുവാൻ  സർക്കാർ വിവിധ സമിതികളെ അതാത് കാലത്ത് ചുമതലപ്പെടുത്തുകയും അവയുടെ റിപ്പോർട്ടുകൾ സർക്കാരിന് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.  ചില താലുക്കൂകളും വില്ലേജുകളും ഭൂമിശാസ്ത്രപരമായി വിസ്തൃതികൊണ്ടും ഭരണപരമായ കാര്യങ്ങൾകൊണ്ടും പുന:സംഘടിപ്പിക്കേണ്ടതാണെന്ന് ഈ സമിതികൾ ശുപാർശ ചെയ്യുകയും അതോടൊപ്പം തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിക്കേണ്ടതുണ്ടെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുന:സംഘടിപ്പിക്കേണ്ട താലൂക്കുകളുടെ  മുൻഗണനാ ലിസ്റ്റും  ചില സമിതികൾ ചൂണ്ടിക്കാണിച്ചു.  ഈ നയപരമായ പ്രശ്നം സർക്കാർ പരിശോധിച്ചുവരികയാണ്. എന്നാൽ സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(12) വാരിയം ആദിവാസി കോളനിയിലെ താമസക്കാർക്ക് കണ്ടൻചിറയിൽ ഭൂമി നൽകാൻ നടപടി

ശ്രീ. എൻ രാജൻ: എറണാകുളം ജില്ലയിൽ കുട്ടമ്പുഴ വാരിയം ആദിവാസികോളനിയിലെ താമസക്കാർക്ക് വനാവകാശ നിയമപ്രകാരമുള്ള ഭൂമി ലഭ്യമാക്കണം. മൂന്ന് ഊരുകളിലെ ആദിവാസികളെ പൂയംകുട്ടി നദിയുടെ കരയിൽ കണ്ടൻചിറ എന്ന സ്ഥലത്ത് മാറ്റിപാർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ):. എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയം ആദിവാസി കോളനിയിലെ ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾ സെറ്റിൽ ചെയ്തുകൊണ്ട് ആദിവാസികളുടെ സമ്മതപ്രകാരവും ഗ്രാമസഭയുടെ അംഗീകാരത്തോടെയും സൗകര്യപ്രദമായ വനപ്രദേശത്ത് മാറ്റിപാർപ്പി ക്കാനുള്ള പ്രൊപ്പോസൽ പട്ടികവർഗ്ഗ വികസനവകുപ്പ് തയ്യാറാക്കി വനംവകുപ്പിന് സമർപ്പിക്കുന്ന മുറയ്ക്ക് വനംവകുപ്പ് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതാണ്.

(13) തൃക്കരിപ്പൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കെ. കുഞ്ഞിരാമൻ: ആവശ്യമായ ഡോക്ടർമാരെ അനുവദിച്ച് തൃക്കരിപ്പൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ശോച്യാവസ്ഥ പരിഹരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ): തൃക്കരിപ്പൂർ സാമൂഹ്യക്ഷേമ ആരോഗ്യകേന്ദ്രം താലൂക്ക് ആശുപത്രിയുടെ പദവിയിൽ ഉയർത്തിയിട്ടുണ്ട്. അവിടെ നിലവിൽ 7 ഡോക്ടർമാരുണ്ട്. ജൂനിയർ കൺസൾട്ടന്റുമാരിൽ

ഒരാൾ (ഗൈനക്കോളജി) അവധിയിലാണ്. ലാബ് ടെക്നീഷ്യൻ, ഹെഡ് നഴ്സ് എന്നീ തസ്തികകൾ ഒഴിച്ച് മറ്റ് 25 തസ്തികകളിൽ ജീവനക്കാരുണ്ട്. കിടക്കകളുടെ എണ്ണം 100 ആക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(14) സർവ്വേയർമാരുടെ നിയമനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കാലാവധി കഴിയാറായ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വേയർമാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ): 2009-ൽ നിലവിൽ വന്ന സർവ്വേയർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും 11/2010 വരെ 682 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 39 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 33 പേർക്ക് അഡ്വൈസ് മെമ്മോ നൽകി നിയമന ഉത്തരവ് ഉടനെ നൽകുന്നതാണ്. നിലവിൽ 6 ഒഴിവുകൾകൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും റീ-സർവ്വേ ഉൾപ്പെടെയുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കാനും കൂടുതൽ ജീവനക്കാരുടെ തസ്തിക അനുവദിക്കണമെന്ന ആവശ്യം ധനകാര്യവകുപ്പ് പരിശോധിച്ചുവരികയാണ്.

(15) കെ.എസ്.ഇ.ബി.-യുടെ എൻ.ഒ.സി.

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാർ കെ.ഡി.എച്ച്. വില്ലേജിലെ കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.-യുടെ എൻ.ഒ.സി. നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മൂന്നാർ കെ.ഡി.എച്ച് വില്ലേജിൽ കെ.എസ്.ഇ.ബി.-യുടെ കൈവശമുളള സർവ്വേ നമ്പർ 843(എ)-യിൽപ്പെട്ട 10.4511 ഹെക്ടർ സ്ഥലം 1997-മുതൽ ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ പോക്കുവരവ് ചെയ്ത് കിട്ടിയിട്ടില്ല. അനധികൃതകയ്യേറ്റം ഒഴിവാക്കി അവകാശപ്പെട്ട ഭൂമി തിട്ടപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കും. കയ്യേറ്റക്കാർക്ക് വേറെ ഭൂമിയുണ്ടോയെന്നും കയ്യേറ്റം നടന്നിട്ട് എത്ര കാലമായിയെന്നും പരിശോധിച്ച് അർഹരായ ആളുകൾക്ക് പട്ടയം ലഭ്യമാക്കുന്നതിനുളള നടപടി സ്വീകരിക്കുന്നതായിരിക്കും

(16) ക്രീമിലെയർ സർട്ടിഫിക്കറ്റ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിലുണ്ടാകുന്ന അപാകതമൂലം കേന്ദ്ര സർക്കാർ സംവരണം ലഭിക്കുന്നതിൽ മുസ്ലീം സമുദായങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരും ദേശീയ പിന്നോക്ക കമ്മീഷനും നിഷ്ക്കർഷിച്ചിരിക്കുന്നവിധം ഒ.ബി.സി. ലിസ്റ്റിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മുസ്ലീം, ഇസ്ലാം എന്ന് മാത്രം രേഖപ്പെടുത്തി സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതുമൂലം ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കേന്ദ്ര സർക്കാർ സംവരണം ലഭിക്കുന്നതിലുണ്ടാകുന്ന തടസ്സം ഒഴിവാക്കുന്നതിനായി 27-03-1996-ൽ സംസ്ഥാന സർക്കാർ ഉത്തരവിറക്കിയിരുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത ഉത്തരവ് കർശനമായി പാലിക്കാത്തതിനാൽ 07-02-2011-ൽ വീണ്ടും സംസ്ഥാന സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മുസ്ലീം സമുദായത്തിൽപ്പെട്ടവർക്ക് ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുമ്പോൾ അപാകത ഉണ്ടാകാതിരിക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ ഉത്തരവുകൾ കർശനമായി പാലിക്കുന്നതിനും നിർദ്ദേശം നൽകുന്നതാണ്.

(17) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ. രാജു: ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ വീട് വയ്ക്കുന്നതിന് നിശ്ചയിച്ച തുക അപര്യാപ്തമായതു കാരണം ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത പദ്ധതിപ്രകാരമുള്ള അവസാനഗഡു എത്രയുംവേഗം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ആസ്ബെസ്റ്റോസിനു പകരം ടിൻഷീറ്റ് പോലുള്ളവ ഉപയോഗിച്ച് വീടിന്റെ മേൽക്കൂര നിർമ്മിക്കുന്നതിന് തടസ്സമില്ല. സംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം ആലോചനയിലില്ല.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ മുപ്പത്തി അഞ്ച് മുതൽ മുപ്പത്തി എട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ കേരള പൊതു പാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ: ഇത്തരം ഒരു ബിൽ നിയമമാക്കേണ്ട സാഹചര്യം സംസ്ഥാനത്ത് സംജാതമായിരിക്കെ ഇത് പാസ്സാക്കിവരുമ്പോൾ

എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടനകളും സമുദായങ്ങളും വളരെ ആത്മസംയമനത്തോടുകൂടി ഈ നിയമത്തെ കാണേണ്ടതുണ്ട്. ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ഏത് നിയമവും മനുഷ്യന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ളതാകണം. ഈ ബിൽ അത്യന്താപേക്ഷിതമാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഹൈക്കോടതിയിൽ നിന്നും സുപ്രീംകോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള വിധിയെത്തുടർന്നാണ് ഒരു പ്രത്യേക സാഹചര്യം സംസ്ഥാനത്ത് വന്നുചേർന്നത്. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് വിവിധ മതവിഭാഗങ്ങളുടെ ഉൽസവങ്ങളും ആഘോഷ പരിപാടികളുമൊക്കെ സംസ്ഥാനത്ത് റോഡുകൾ ഉപയോഗിച്ചുകൊണ്ടാണ് കുറേയധികം നടക്കുന്നത്. അതിനൊക്കെ നിയന്ത്രണം ഏർപ്പെടുത്തി പോലീസ് ഇടപെടേണ്ട സ്ഥിതിവിശേഷമുണ്ടായാൽ അത് അനിതരസാധാരണമായ സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ടാക്കാനിടയുണ്ട്. രാഷ്ട്രീയ പാർട്ടികളും ബഹുജന പ്രസ്ഥാനങ്ങളുമൊക്കെ അഭിപ്രായ പ്രകടനത്തിനുവേണ്ടി സ്വീകരിക്കുന്ന മാർഗ്ഗങ്ങളൊന്നും അതിര് കടക്കാൻ പാടില്ല. സഞ്ചാര സ്വാതന്ത്ര്യത്തെ അടിസ്ഥാനമാക്കിയാണ് ഹൈക്കോടതിയും സുപ്രീംകോടതിയും ഈ വിധി പ്രഖ്യാപിച്ചിട്ടുള്ളതെങ്കിലും ഭരണഘടന തന്നെ സംഘം ചേരാനുള്ള അവകാശവും അഭിപ്രായ സ്വാതന്ത്ര്യവും ഉറപ്പുനൽകുന്നുണ്ട്. ഇതൊക്കെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഭരണകൂടങ്ങൾക്കുണ്ടെന്നുള്ളത് കണക്കിലെടുത്താണ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ടിനും കളക്ടർമാർക്കും ഇതുസംബന്ധിച്ച്

അധികാരം നൽകിക്കൊണ്ട് അനുവാദം കൊടുക്കാനുള്ള നടപടിയിലേയ്ക്ക് നീങ്ങുന്നത്. ഈ ആക്ട് പ്രകാരം അനുവദിക്കപ്പെട്ട ലൈസൻസ് പ്രകാരമല്ലാതെ ഏതൊരാളും ഏതെങ്കിലും പൊതുനിരത്തിൽ പൊതുജനങ്ങൾക്ക് തടസ്സം വരുത്തുകയോ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുകയാണെങ്കിൽ ശിക്ഷ ലഭിക്കത്തക്ക വകുപ്പും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ച് എടുത്ത തീരുമാനപ്രകാരമുള്ള ഈ നിയമനിർമ്മാണം പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. (കോടിയേരി ബാലകൃഷ്ണൻ) : 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## ധനകാര്യം

### 2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഏറെ ആഹ്ളാദത്തോടെയും അതിലേറെ സന്തോഷത്തോടുംകൂടിയാണ് ഈ ബഡ്ജറ്റിനെ കേരളത്തിലെ പൊതുസമൂഹം സ്വീകരിച്ചിട്ടുള്ളത്. നികുതി നൽകുന്നതിലും പിരിച്ചെടുക്കുന്നതിലുമൊക്കെ വ്യത്യസ്ത അഭിപ്രായങ്ങളും നിലപാടുകളും സ്വീകരിക്കുന്ന വ്യാപാരി വ്യവസായി സമൂഹമുൾപ്പെടെ ക്രിയാത്മകവും വികസനോന്മുഖവും ആയ ബഡ്ജറ്റ് എന്ന നിലയിലാണ് ഇതിനെ വിലയിരുത്തിയിട്ടുള്ളത്. ഭദ്രമായ സാമ്പത്തിക അടിത്തറയുള്ള ഒരു സർക്കാരിന് അവതരിപ്പിക്കാൻ കഴിയുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നികുതിപിരിവ് ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ നവീകരിക്കുകയും കൈക്കൂലിയും അഴിമതിയുമില്ലാത്ത ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിച്ചിരിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് മാത്രമാണ് നൽകുന്നത്. കാർഷികമേഖലയിലെ പരിമിതികൾ പരിഹരിക്കുകയും കർഷക പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവമായ രീതിയിൽ പരിഗണിക്കുകയും വേണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുകടം 70 ശതമാനം വർദ്ധിച്ചിരുന്നുവെങ്കിൽ അത് 57 ശതമാനമായി കുറച്ചുകൊണ്ടുവരാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നികുതി വരുമാനവർദ്ധനവ് 2005-06-ൽ 9.1

ശതമാനമായിരുന്നത് 18.49 ശതമാനമായി ഉയർന്നിട്ടുണ്ട്. ധനക്കമ്മി 2.89 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. അടിസ്ഥാന സൗകര്യ വികസനരംഗത്ത് സർക്കാർ സ്വീകരിച്ച നടപടികൾ പ്രശംസാർഹമാണ്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സംസ്ഥാനത്തെ റോഡുകൾ നവീകരിക്കുന്ന 40,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ്-ഇൻ-എയ്ഡ് നൽകാൻപോലും കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. 2005-06-ൽ കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് 57 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ അത് 41.3 ശതമാനമായി കുറഞ്ഞിരിക്കുന്നു. റിമോട്ട് ഏരിയകളിൽ പ്രവർത്തിക്കുന്ന ആൾട്ടർനേറ്റ് സ്കൂളുകൾ നിലനിർത്തുന്നതിനും നിർത്തലാക്കിയ കേന്ദ്ര ധനസഹായം പുന:സ്ഥാപിക്കുന്നതിനും അധ്യാപകർക്ക് അർഹതപ്പെട്ട വേതനവർദ്ധനവ് നൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കണം. കേന്ദ്ര സർവ്വകലാശാല ഉൾപ്പെടെ 100 കോടിയോളം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കാസർഗോഡ് ജില്ലയിൽ നടന്നിട്ടുള്ളത്. മലയോര പാക്കേജിനാവശ്യമായ തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി 20 കോടി രൂപയുടെ പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. കേരളത്തിന്റെ സമസ്ത മേഖലകളിലും വളരെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചു.

ശ്രീ. പി.ജെ. ജോസഫ് : ബഡ്ജറ്റിനെ എതിർക്കുന്നു. നമ്മുടെ സംസ്ഥാനത്തെ റോഡുകളെ സംബന്ധിച്ച് സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി

നടന്നത് 1996-ലാണ്. എന്നാൽ 2011-ൽ ട്രാൻസ്ഷിപ്മെന്റ് കണ്ടെയ്നർ ടർമിനലിന്റെ പ്രവർത്തനം ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു ആറുവരിപ്പാത നിർമ്മിച്ച് അതിൽ ഒരു വരി കണ്ടെയ്നർ ട്രാഫിക്കിനു മാത്രമായി നീക്കിവയ്ക്കണം. അതോടൊപ്പം നിലവിലുള്ള റോഡുകൾ, ഇൻലാൻഡ് വാട്ടർവേയ്സ്, കോസ്റ്റൽ ഷിപ്പിംഗ് എന്നിവയും വികസിപ്പിക്കണം. ഹൈസ്പീഡ് റെയിൽ കോറിഡോർ എന്ന ആവശ്യം കേന്ദ്ര സർക്കാരിൽ ശക്തമായി ഉന്നയിച്ച് നടപ്പാക്കാൻ നടപടിയുണ്ടാകണം. സംസ്ഥാനത്ത് നിലവിലുള്ള ടാറിംഗ് സംവിധാനത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം അതിനുള്ള റിസോഴ്സ് കണ്ടെത്താൻ ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കണം. കേരളത്തിന്റെ പാൽക്ഷാമം പരിഹരിക്കുന്നതിന് പശുവളർത്തൽ രംഗത്ത് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കണം. തീറ്റപ്പുൽകൃഷി ത്വരിതപ്പെടുത്താനും കാലിത്തീറ്റയുടെ വില കുറയ്ക്കാനും നടപടിയുണ്ടാകണം. പ്രൊഫഷണൽ രംഗത്തെ അദ്ധ്യാപകർക്ക് ഐ.ഐ.ടി. നിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. പട്ടണങ്ങളിലും ചെറുനഗരങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മലിനീകരണം തടയാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഡൊമസ്റ്റിക് ടൂറിസത്തെയും വിദേശ ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് ശുചിത്വപരിപാടിക്ക് പ്രാധാന്യം നൽകാനും ടൂറിസത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്താനും നടപടിയുണ്ടാകണം. മാലിന്യങ്ങൾ അതിന്റെ സോഴ്സിൽത്തന്നെ വേർതിരിക്കാനുള്ള നടപടികൾ പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തുടങ്ങണം. ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റാക്കി ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കണം.

ശ്രീ. കെ. അജിത് : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ റോഡുകളുടെ അടിസ്ഥാന വികസനത്തിനുവേണ്ടിയാണ് ബഡ്ജറ്റിൽ 40000 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. സാമൂഹ്യക്ഷേമ വികസനത്തിലും വിദ്യാഭ്യാസ മേഖലയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. കിലോഗ്രാമിന് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതി 40 ലക്ഷം കുടുംബങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുമെന്നും ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുമെന്നുമുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. റേഷൻ കടകൾവഴി 300 രൂപയുടെ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി റേറ്റിൽ നൽകാനുള്ള തീരുമാനവും സമഗ്രമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതും കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തും. കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെയും പേരിൽ 10000 രൂപയുടെ സ്ഥിരനിക്ഷേപ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിത്തീരും. എ.പി.എൽ./ബി.പി.എൽ. വേർതിരിവില്ലാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യങ്ങൾ നൽകുന്ന നിലപാട് സ്വാഗതാർഹമാണ്. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയും എം.എൻ. ഭവന പുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കിയത് ഈ ഗവൺമെന്റിന്റെ ദിശാബോധത്തിന്റെ തെളിവാണ്. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുന്നതിലൂടെ പതിനായിരക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കഴിയും. രാഷ്ട്രീയഭേദമെന്യേ എല്ലാ നിയോജകമണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ച നടപടി സ്വാഗതാർഹമാണ്. കർഷക

പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഒഴിവാക്കണം. തെക്കൻ കേരളത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത മേഖലകളിൽ സ്കൂളുകളും പ്ലസ് ടു കോഴ്സുകളും അനുവദിക്കണം. നാളികേര കർഷകർക്ക് പെൻഷൻ നൽകാൻ ആവശ്യമായ തുക വകയിരുത്തണം. ചെറുകര പ്രദേശത്തെ പാലത്തിന്റെ പണി സമയബന്ധിതമായി പൂർത്തിയാക്കണം. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്ത് മുവാറ്റുപുഴ വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള കുടിവെള്ള പദ്ധതി മെയിന്റനൻസ് യാഥാർത്ഥ്യമാക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ബഡ്ജറ്റിനെ എതിർക്കുന്നു. യാഥാർത്ഥ്യങ്ങളെ പൂർണ്ണമായും വിസ്മരിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്ത് അഞ്ചുവർഷം റോഡ് വികസനപ്രവർത്തനങ്ങൾ നടത്താതെ തൊഴിലില്ലായ്മ വർദ്ധിക്കുകയും പട്ടിണിപ്പാവങ്ങളുടെ സംസ്ഥാനമായി കേരളം മാറുകയും ചെയ്തിരിക്കുകയാണ്. കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിലായി അനുവദിക്കുന്ന തുക യഥാവിധി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സമസ്ത മേഖലകളുടേയും പ്രവർത്തനം മുരടിപ്പിച്ച് ജനജീവിതം ദുരിതപൂർണ്ണമാക്കിയ സർക്കാരാണിത്. എച്ച്.എം.ടി. ഭൂമി വിൽപ്പന, മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ചുള്ള അഴിമതി, അട്ടപ്പാടി ഭൂമി കാറ്റാടി കമ്പനിക്ക് നൽകിയത്, ഇൻഫോപാർക്ക് മൂന്നു സ്വകാര്യ കമ്പനികൾക്ക് നൽകിയത്, സ്വകാര്യ ലോട്ടറിക്കാർക്ക് നികുതി വെട്ടിപ്പിന് അവസരം നൽകിയത് തുടങ്ങിയ സംഭവങ്ങളിലെല്ലാം സർക്കാരിന് പങ്കുണ്ടെന്നുള്ള കാര്യം വ്യക്തമാണ്.

ശ്രീ. മാത്യൂ. ടി.തോമസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് സർക്കാരിന്റെ ചെലവിനങ്ങളിൽ 100 ശതമാനത്തിലധികം വർദ്ധനവുണ്ടായിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഏറ്റവുമധികം ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടന്നിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് കെ.എസ്. ആർ.ടി.സി.യിൽ പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവ മുഖേന ഇരുപതിനായിരത്തിലധികം നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

ശ്രീ. സി.കെ.പി. പത്മനാഭൻ: ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. നാളികേര കർഷകരുടെ പെൻഷന് തുക വകയിരുത്തണം. സ്കൂൾ യൂണിഫോമുകൾക്ക് ഉപയോഗിക്കുന്നത് കേരളത്തിൽ നിന്നുള്ള കൈത്തറിത്തുണിയായിരിക്കണമെന്ന് പ്രത്യേകമായി നിഷ്ക്കർഷിക്കണം. ബി.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ പഞ്ചായത്ത് തലത്തിൽ പരിഹരിക്കാൻ സംവിധാനം ഉണ്ടാകണം. വരുമാന ഉറപ്പ് പദ്ധതിയിൽ ഖാദി-കയർ തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ 150 ദിവസമാക്കുന്നതോടൊപ്പം ഒരു ദിവസത്തെ വേതനം 150 രൂപയാക്കാനും നിർദ്ദേശം നൽകണം. ഗ്രാമീണ മേഖലയിൽ യു.പി. സ്കൂളുകളിൽ തേനീച്ച വളർത്തൽ പരിശീലനവും കുട്ടികൾക്ക് പാലിനുപകരം തേൻ ചേർത്തവെള്ളം നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കണം. വിലകുറഞ്ഞ പ്ലാസ്റ്റിക്കിന്റെ നികുതി വർദ്ധിപ്പിക്കണം. പത്ര ജീവനക്കാരുടെ പെൻഷൻ വർദ്ധിപ്പിക്കാനും ക്ഷേമനിധി നടപ്പിലാക്കാനും നടപടിയുണ്ടാകണം. ഒന്നിൽക്കൂടുതൽ വാഹനങ്ങൾ വാങ്ങുന്നവർക്ക് ആഡംബര നികുതി ഏർപ്പെടുത്തണം. വൻതോതിൽ മാലിന്യങ്ങൾ റോഡുകളിൽ നിക്ഷേപിക്കുന്നവരിൽ നിന്നും കനത്ത പിഴ ഈടാക്കണം. ഒരു കുഞ്ഞ്

ജനിക്കുമ്പോൾ പതിനായിരം രൂപ സ്ഥിരനിക്ഷേപം എന്നുള്ള പദ്ധതി കുറേ ക്കൂടി ലളിതവൽക്കരിച്ച് കുട്ടിക്ക് 18 വയസ്സ് തികയുമ്പോൾ ഒരു ലക്ഷം രൂപ തിരികെ നൽകുന്ന പദ്ധതി ആവിഷ്ക്കരിക്കണം. സ്വകാര്യ പണമിടപാടുകാരന്റെ കടം എഴുതിത്തള്ളാനായി ഇന്ത്യയിൽ ആദ്യമായി നിയമമുണ്ടാക്കിയത് ഈ സർക്കാരാണ്. ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാരെപ്പോലെ വിദ്യാഭ്യാസ ആനുകൂല്യം നൽകണമെന്ന ആവശ്യം ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടായത് ആസിയാൻ കരാറിന്റെ നേട്ടമാണെന്ന യു.ഡി.എഫ്. വാദഗതി ശരിയല്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് കർഷക ആത്മഹത്യയും അഴിമതികളും സംസ്ഥാനത്ത് നടന്നിട്ടുളളത്. കേന്ദ്രത്തിൽ യു.പി.എ. സർക്കാരിന്റെ മന്ത്രിമാർ ഉൾപ്പെട്ട കോടിക്കണക്കിന് രൂപയുടെ അഴിമതിക്കഥകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്..

ശ്രീ. യു.സി.രാമൻ: ബഡ്ജറ്റിനെ എതിർക്കുന്നു. കുന്നമംഗലത്ത് നിലവിലുണ്ടായിരുന്ന വൺമാൻ ട്രഷറി പൂട്ടിയതിനാൽ പുതിയതായി ട്രഷറി ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. എൽ.ഡി.എഫ്-ന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയ്ക്കു പകരമായി അവതരിപ്പിച്ച ഒരു ബഡ്ജറ്റാണിത്. അവകാ ശവാദം ഉന്നയിക്കുന്ന ഭൂരിഭാഗം പദ്ധതികളും കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കിയതാണെന്ന യാഥാർത്ഥ്യം നിലനിൽക്കെയാണ് കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുന്നത്. വിദ്യാഭ്യാസ മേഖല പൂർണ്ണമായും തകർന്നു. കൃഷി, മൃഗ സംരക്ഷണം തുടങ്ങിയ മേഖലകളെ ബഡ്ജറ്റിൽ പാടെ അവഗണിച്ചു. വിദേശ മലയാളികൾക്കുവേണ്ടി ക്രിയാത്മകമായിട്ടൊന്നും ഈ ബഡ്ജറ്റിലില്ല.

പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യത്തിനുപോലും തുക വകയിരുത്തുന്ന തിന് ശ്രമിച്ചിട്ടില്ല.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യാഥാസ്ഥിതിക പിന്തിരിപ്പൻ കേന്ദ്ര നയങ്ങൾക്ക് ബദൽ നയമാണ് സംസ്ഥാന സർക്കാർ ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. അഞ്ചുവർഷംകൊണ്ട് വികസന പ്രവർത്തനങ്ങളിൽ വൻനേട്ടമുണ്ടാക്കാൻ സാധിച്ചു. ജനങ്ങളുടെ മേൽ അധിക നികുതിഭാരമടിച്ചേൽപ്പിക്കാതെയും നികുതി ചോർച്ച തടഞ്ഞും സംസ്ഥാന ഖജനാവിലെ വരുമാനം വർദ്ധിപ്പിച്ചു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ധനക്കമ്മി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. ബഡ്ജറ്റിൽ സംസ്ഥാന റോഡുകളുടെ വികസനത്തിനാവശ്യമായ ഫണ്ട് വകയിരുത്തി. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും ഐ.ടി. പാർക്കുകളുടേയും ബിൽഡിംഗുകളുടേയും വിസ്തൃതി വർദ്ധിപ്പിച്ചും ഐ.ടി. മേഖല വികസിപ്പിക്കുകയാണ്. എല്ലാ മേഖലകളും വികസനത്തിന്റെ പാതയിലാണ്. അഴിമതിരഹിത ഭരണം കാഴ്ചവയ്ക്കുന്ന സർക്കാരാണിത്. അഞ്ചുവർഷക്കാ ലത്തിനിടയ്ക്ക് ഈ മന്ത്രിസഭയിലെ ഒരു മന്ത്രിയെക്കുറിച്ചുപോലും അഴിമ തിയാരോപണം ഉന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. കേന്ദ്രത്തിലെ ഭരണത്തിൻകീഴിൽ ജനങ്ങളാകെ അസംതൃപ്തരായി കഴിയുകയാണ്. കേന്ദ്രം സംസ്ഥാനത്തോട് കടുത്ത അവഗണന കാണിക്കുകയാണ്. ഇത്രയും അധ:പതിച്ച ഒരു കാലഘട്ടം കോൺഗ്രസ്സിന്റെ ചരിത്രത്തിൽ തന്നെ ഉണ്ടാ യിട്ടില്ല. പ്രധാനമന്ത്രി ഇടപെട്ട് കേന്ദ്രത്തിൽ നടക്കുന്ന അഴിമതികൾ തടയാൻ ശ്രമിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ബഡ്ജറ്റിനെ എതിർക്കുന്നു. 2006-07-ലെ പുതുക്കിയ ബഡ്ജറ്റിൽ ട്രഷറി ബാലൻസ് മിച്ചമാകുന്നതാണ്

മികച്ച ധനകാര്യ മാനേജ്മെന്റ് എന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് പൊള്ളയായ വാദമാണ്. ഉയർന്ന പലിശയ്ക്കു വാങ്ങുന്ന വായ്പയിൽ നിന്നും ഒരു ഭാഗം ചെലവാക്കാതെ സ്ഥിരമായി ട്രഷറിയിൽ സൂക്ഷിച്ചാണ് മിച്ചമുണ്ടാക്കുന്നത്. 2006 മുതൽ 2010 വരെയുള്ള വർഷങ്ങളിൽ 8557.55 കോടി രൂപ പദ്ധതിച്ചെലവ് വെട്ടിക്കുറച്ചിരിക്കുകയാണ്. ട്രഷറി മിച്ചമായിട്ടും പദ്ധതിച്ചെലവ് ടാർജറ്റിൽ എത്തുന്നില്ല എന്നതിൽ നിന്നുതന്നെ ഫലപ്രദമായി ഫണ്ട് ചെലവഴിക്കാൻ സാധിക്കുന്നില്ല എന്ന് വ്യക്തമാണ്. 2006-ലെ ബഡ്ജറ്റിൽ ശമ്പള പരിഷ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേണ്ടത്ര തുക വകകൊള്ളിച്ചിട്ടില്ല. 2009-ൽ 5000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിന് ഭരണാനുമതി നൽകിയെങ്കിലും ആവശ്യമായ തുക വകയിരുത്തുകയോ യഥാർത്ഥ ചെലവ് കാണിക്കുകയോ ചെയ്തിട്ടില്ല. മൂലധന ചെലവ് കഴിഞ്ഞ വർഷത്തെക്കാൾ കുറവാണ് കാണിച്ചിരിക്കുന്നത്. 2011 മാർച്ച് മാസം ഇലക്ഷൻ നിബന്ധനകൾ പ്രാബല്യത്തിൽ വരുന്നതോടുകൂടി സർക്കാർ അവതരിപ്പിച്ച ആറാമത്തെ ബഡ്ജറ്റ് നടപ്പാക്കാനുള്ള അവസരം പൂർണ്ണമായും നഷ്ടപ്പെടുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മേജർ ഡിസ്ട്രിക്ട് റോഡുകളായി മാറ്റിയതെല്ലാം തിരിച്ച് ജില്ലാ പഞ്ചായത്തിന് കൈമാറിയതോടുകൂടിയാണ് സംസ്ഥാനത്തെ റോഡുകൾക്ക് ഇന്നത്തെ സ്ഥിതി വന്നത്. റോഡുകളിലെ കുഴികൾ അടയ്ക്കാൻപോലും തയ്യാറാകാത്ത ഒരു സർക്കാരാണ് റോഡുകൾക്കുവേണ്ടി 40,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നത്. ഹിൽ ഹൈവേയ്ക്കുവേണ്ടി ഒരു രൂപപോലും മാറ്റിവയ്ക്കാൻ സാധിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ എയർപോർട്ട്-സീപോർട്ട് റോഡ് പണി കളമശ്ശേരി വരെ

പൂർത്തിയാക്കുകയും ബാക്കി സ്ഥലമെടുപ്പിനുവേണ്ട നോട്ടിഫിക്കേഷൻ പൂർത്തിയാക്കുകയും ചെയ്തെങ്കിലും ഈ സർക്കാർ പണം അടയ്ക്കാത്തതുകൊണ്ട് സ്ഥലമേറ്റെടുത്ത് കൊടുക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. മുൻ പ്രസിഡന്റ് ശ്രീ. എ. പി. ജെ. അബ്ദുൾ കലാം കേരള നിയമസഭയിൽ സംസ്ഥാന വികസനത്തിനുവേണ്ടി പ്രഖ്യാപിച്ച പരിപാടികളിൽ ഒന്നുപോലും മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. അഞ്ചുകൊല്ലംകൊണ്ട് 10,000 പേർക്ക് പാരാമെഡിക്കൽ രംഗത്ത് കൂടുതൽ അവസരങ്ങൾ കൊടുക്കണമെന്ന നിർദ്ദേശത്തിൽ വെറും 120 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് മാത്രമാണ് അവസരം ലഭ്യമായിട്ടുള്ളത്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല. 1-1-2011 മുതൽ ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനം 125 രൂപയിൽനിന്നും 150 രൂപയാക്കി ഉയർത്തിക്കൊണ്ട് കേന്ദ്ര സർക്കാർ ഇറക്കിയ ഉത്തരവുപ്രകാരം തൊഴിലാളികൾക്ക് പുതുക്കിയ വേതനം നൽകുകയും 2-2-2011 മുതൽ നൽകിയാൽ മതിയെന്ന സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവ് പിൻവലിക്കുകയും വേണം. 12-ാം ധനകാര്യ കമ്മിഷൻ ദേശീയ ജലപാതയ്ക്കുവേണ്ടി അനുവദിച്ച 225 കോടി രൂപയിൽ 136 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ട കല്ലിടൽ കർമ്മം മാത്രമാണ് നടന്നിട്ടുള്ളത്. ഇൻഫോ പാർക്ക് പൊതുമേഖലയിൽ തന്നെ നിലനിർത്തുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും അതിൽ 60 ഏക്കർ സ്ഥലം ഐ.ടി. വികസനത്തിനായി സ്വകാര്യ കമ്പനിക്ക് കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. സ്മാർട്ട്സിറ്റിക്കുവേണ്ടി കൊടുക്കുന്ന മുഴുവൻ ഭൂമിയും

SEZ-ലോ SEZ-കളിലോ ആയിരിക്കും എന്ന യു.ഡി.എഫ്. കാലത്തുണ്ടാക്കിയ കരാറിലെ വ്യവസ്ഥ മാറ്റിയതാണ് ഈ പ്രശ്നങ്ങളുടെയെല്ലാം കാരണമായിട്ടുള്ളത്. 1974-ൽ ലാന്റ് ബോർഡ് ഡിക്ലയർ ചെയ്തതും 1980-ൽ സർക്കാർ വ്യക്തമായ ഓർഡറിലൂടെ വനംവകുപ്പിന് ഹാൻഡ് ഓവർ ചെയ്തതുമായ മൂന്നാറിലെ ഭൂമിയിൽനിന്നും 800 ഏക്കറോളം കുറച്ചാണ് നോട്ടിഫൈ ചെയ്തിരിക്കുന്നത്. അവിടത്തെ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പാമോയിൽ കേസ്സുമായി ബന്ധപ്പെട്ട് ചില പ്രസ്താവനകൾ ഉണ്ടായി. പാമോയിൽ ഇടപാടിൽ അഴിമതി ഉണ്ടെന്ന പ്രശ്നം 16-03-92-ൽ നിയമസഭയിൽ ഉന്നയിച്ചതിനെത്തുടർന്ന് തുടർച്ചയായി നാലുദിവസം നടത്തിയ ചർച്ചയിൽ അന്നത്തെ പ്രതിപക്ഷനേതാവടക്കമുള്ള പ്രമുഖരായ നേതാക്കളെല്ലാവരും പങ്കെടുത്തിരുന്നു. ആ ചർച്ചയിലോ അന്ന് സഭയുടെ മേശപ്പുറത്തുവച്ച അഡ്വക്കേറ്റ് ജനറലിന്റെ റിപ്പോർട്ടിലോ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയലിലോ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ച് പാമോയിൽ ഇടപാടുമായി ബന്ധപ്പെട്ട് ഒന്നും പരാമർശിച്ചിട്ടില്ലായിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു അന്ന് ഗവൺമെന്റിനുവേണ്ടി മറുപടി പറഞ്ഞത്. 1996-ൽ ഇ.കെ. നായനാർ ഗവൺമെന്റ് ഇതിനെ സംബന്ധിച്ച് കേസ്സെടുത്ത് എല്ലാവശങ്ങളും പരിശോധിച്ചശേഷം പ്രതിപട്ടികയിൽനിന്നും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയെ ഒഴിവാക്കുകയാണ് ചെയ്തത്. പാമോയിൽ ഇടപാടിൽ 8.5 കോടി രൂപ സംസ്ഥാന സർക്കാരിന് ലാഭം കിട്ടിയതുകൊണ്ടും അന്ന് ജനങ്ങൾക്ക് ഏറ്റവുമധികം ആവശ്യമായ വസ്തുവാണെന്നതിനാലും അതിൽ അഴിമതി നടന്നിട്ടില്ലെന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഈ കേസ് പിൻവലിച്ചു.

അത് കഴിഞ്ഞുവന്ന ഗവൺമെന്റിന് അത് റീ-ഓപ്പൺ ചെയ്യാമായിരുന്നു. അഞ്ചുകൊല്ലത്തേയ്ക്ക് അത് സംബന്ധിച്ച് ഒരു നടപടിയും എടുത്തില്ല. ഇന്നത്തെ മുഖ്യമന്ത്രി ഈ വിഷയവുമായി പല പ്രാവശ്യം കോടതിയിൽ പോയിട്ടുണ്ട്. പാമോയിൽ കേസിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ചെയ്തത് ശരിയാണെന്നും അഴിമതി നടന്നിട്ടില്ലെന്നും പൂർണ്ണമായി ബോദ്ധ്യ പ്പെടുത്താൻ സാധിച്ചിട്ടുണ്ട്. യു.ഡി.എഫ്. നേതാക്കളെ അപമാനിക്കാനുള്ള പല ശ്രമങ്ങളും ഭരണപക്ഷ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. തെറ്റു ചെയ്യുന്നവ രോട് ദയാദാക്ഷിണ്യം കാണിക്കാതെ ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടു പോകണം. പൊതുപ്രവർത്തകരെ മുഴുവൻ അടച്ചാക്ഷേ പിക്കാനുള്ള ശ്രമങ്ങൾ ഒരിക്കലും അനുവദിക്കരുത്. 15 കൊല്ലം മുമ്പുണ്ടായ ഒരു സംഭവത്തിന്റെ പേരിൽ എന്തെങ്കിലും വെളിപ്പെടുത്തൽ ഉണ്ടായി എന്നുപറഞ്ഞ് നടപടികളുമായി മുമ്പോട്ടുപോകുന്നത് ശരിയാണോയെന്ന് സർക്കാർ പരിശോധിക്കണം. തിരുവനന്തപുരം നഗരത്തിൽ പട്ടാപ്പകൽ നിയമ വിദ്യാർത്ഥിനി ആക്രമിക്കപ്പെട്ട സംഭവത്തിൽ കേസെടുക്കാൻ തയ്യാറാകാതിരുന്നത് പാർട്ടിപ്രവർത്തകനെ രക്ഷിക്കാൻ വേണ്ടിയാണ്. അക്രമ സംഭവങ്ങളുണ്ടാകുമ്പോൾ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് പ്രതികളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നത് ഗവൺമെന്റിന് ഭൂഷണമല്ല. സി.പി.ഐ.(എം.) പാർട്ടി സെക്രട്ടറിക്കെതിരായ ലാവ്ലിൻ കേസിൽ പ്രോസിക്യൂഷന് അനുമതി കൊടുത്ത ഗവർണ്ണറുടെ നടപടിക്കെതിരെ കേസ് നടത്തുന്ന അസാധാരണമായ സംഭവത്തിനാണ് കേരളം സാക്ഷ്യം വഹിച്ചത്. തെറ്റ് ചെയ്തവരാരായാലും നിയമത്തിനുമുമ്പിൽ കൊണ്ടുവരണ മെന്നുതന്നെയാണ് യു.ഡി.എഫ്.-ന്റെ നിലപാട്. നിയമനനിരോധനം

ഏർപ്പെടുത്തിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായപ്പോൾ 2000-ൽ നിയമനനിരോധനം ഏർപ്പെടുത്തിയത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ബൈപാസ്സ് ചെയ്യാമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന തികച്ചും നിർഭാഗ്യകരവും തൊഴിൽരഹിതരായ ചെറുപ്പക്കാരോടുള്ള അവഹേളനവുമാണ്. സമസ്തരംഗത്തും പരാജയപ്പെട്ട ഗവൺമെന്റാണ് സംസ്ഥാനത്ത് ഭരണം നടത്തുന്നത്. ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ ജനങ്ങൾ വിധിയെഴുതുമെന്ന കാര്യത്തിൽ സംശയമില്ല.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u> : ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ധാർമ്മികമായ അവകാശത്തെ പ്രതിപക്ഷ നേതാവ് ചോദ്യം ചെയ്തത് ശരിയല്ല. 2006-ൽ യു.ഡി.എഫ്. ഗവൺമെന്റ് വാർഷിക പദ്ധതിയടക്കമുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും 195 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളും 17 കോടി രൂപയുടെ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനും പ്രഖ്യാപിക്കുകയുണ്ടായി. അത്തരത്തിലുള്ള കാര്യങ്ങൾ ഈ വർഷത്തെ ബഡ്ജറ്റിൽ ചെയ്തിട്ടില്ലെന്നുമാത്രമല്ല, 300 കോടി രൂപയുടെ അധിക വികസന പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചതല്ലാതെ അംഗീകൃത കീഴ്വഴക്കം ലംഘിച്ചിട്ടുമില്ല. മുമ്പൊരിക്കലുമില്ലാത്ത വിധത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ പ്രഖ്യാപനം, പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിൽ പ്രധാനപ്പെട്ട റോഡുകളുടെ വികസനം തുടങ്ങിയ

കാര്യങ്ങളിലാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം ഉയർന്നുവന്നിട്ടുള്ളത്. ജനങ്ങളുടെ ക്ഷേമവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ക്ഷേമപെൻഷനുകളിൽ വർദ്ധനവ് വരുത്തിയെന്നതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന് യു.ഡി.എഫ്. ഗവൺമെന്റുമായുള്ള അടിസ്ഥാനപരമായ വ്യത്യാസം. കേരളത്തിൽ ജനിക്കുന്ന ഓരോ കുട്ടിയുടേയും പേരിൽ 10000 രൂപയുടെ സ്ഥിര നിക്ഷേപം നടത്തുന്നുവെന്നുള്ളതാണ് പുതിയതായി കൊണ്ടുവന്നിട്ടുള്ള നിർദ്ദേശം. നിലവിലുള്ള സ്കീമുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര പരിപാടിയാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. പശ്ചാത്തല സൗകര്യ വികസനകാര്യത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്കുപുറമെ ഓരോ വർഷവും റോഡുകളുടെ നിർമ്മാണത്തിനായി തുക അനുവദിക്കുന്ന സംവിധാനമാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷവും അതിനനുക്രമമായി കേരളത്തിന്റെ പശ്ചാത്തല സൗകര്യ പ്രതിസന്ധി മറികടക്കാനുള്ള പരിപാടിയിലേയ്ക്ക് നീങ്ങുകയാണുണ്ടായത്. ഈ ഗവൺമെന്റ് തുടർന്നുവരുന്ന നയങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞാൽ കേരളത്തിനുണ്ടാകുന്ന മാറ്റം ഈ ബഡ്ജറ്റിൽ ദർശിക്കാൻ കഴിയും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷത്തെ ബഡ്ജറ്റിൽ കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും മൃഗപരിപാലനത്തിനും ഫിഷറീസിനും ജലസേചനത്തിനും വകയിരുത്തിയ തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക വികസന ചരിത്രത്തിൽ ഒരു സംവാദം നടന്നപ്പോൾ 1970 മുതൽ 1985-86 വരെ കാർഷിക വളർച്ച ഏതാണ്ട് പൂജ്യം ശതമാനമായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ

1985–86 മുതൽ ആഗോള വിലത്തകർച്ച വരുന്ന 2000 വരെയുള്ള കാലഘട്ടത്തിൽ അഞ്ചുശതമാനം വേഗത്തിൽ കാർഷിക രംഗം വളരുകയുണ്ടായി. ആഗോളവൽക്കരണത്തിന്റെ ഫലമായുണ്ടായ വിലത്തകർച്ച നിക്ഷേപത്തെയും ബാധിക്കുകയുണ്ടായി. 2004 മുതൽ കാർഷിക ഉൽപന്നമായ നാളികേരത്തിന് വില വർദ്ധിച്ചിട്ടുണ്ട്. ആസിയാൻ കരാർ വന്നതിനുശേഷം അന്താരാഷ്ട്ര കമ്പോളത്തിൽ വിളകളുടെ വിലയിടിഞ്ഞാൽ കേരളത്തിലും അത് പ്രതിഫലിക്കും. ബി.ഒ.ടി. അടിസ്ഥാനത്തിലല്ലാതെയുള്ള റോഡ് വികസനമാണ് സമഗ്ര റോഡ് വികസന പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. മോട്ടോർ വാഹനനികുതിയുടെ 50 ശതമാനം എസ്ക്രൂ അക്കൗണ്ടിൽ വരുന്നതും അൽബറാക്കിൽ നിന്നും വായ്പ എടുക്കുന്ന ഫണ്ടും ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാം. റോഡ് ഫണ്ട് ബോർഡും റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഒരു നിശ്ചിത ശതമാനം സർവ്വീസ് ചാർജ്ജായി സംസ്ഥാന സർക്കാർ അനുവദിക്കും. ഇതിൽ നിന്ന് ലാഭവിഹിതം പലിശരഹിത സ്ഥാപനമായ അൽബറാക്കിന് നൽകും. റിസർവ് ബാങ്കിൽ നിന്ന് സംസ്ഥാന സർക്കാർ വായ്പ എടുക്കാത്തതുകൊണ്ടാണ് റിവൈസ്ഡ് എസ്റ്റിമേറ്റിൽ കുറവുവന്നിരിക്കുന്നത്. ശമ്പള പരിഷ്ക്കരണത്തിനാവശ്യമായ 2500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗതമായ വ്യവസായങ്ങളിൽനിന്നും കോർ കോമ്പീറ്റൻസിയുള്ള മേഖലകളിലേയ്ക്ക് കേരളം മാറണം. അതിനുവേണ്ടി ഇൻഫ്രാസ്ട്രക്ച്ചറിൽ ഇൻവെസ്റ്റ് ചെയ്യണം; സ്കിൽ ഡെവലപ്മെന്റിൽ ഇൻവെസ്റ്റ് ചെയ്യണം എന്നിങ്ങനെ മുൻ പ്രഡിഡന്റ് ശ്രീ. എ.പി.ജെ. അബ്ദുൾ കലാമിന് കേരളത്തിന്റെ

വികസനത്തെപ്പറ്റിയുണ്ടായിരുന്ന കാഴ്ചപ്പാടാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്. വർക്കലയിൽ മുൻ സ്പീക്കർ വർക്കല രാധാകൃഷ്ണന്റെ സ്മാരകം, തിരുവനന്തപുരത്ത് ആർ.ശങ്കർ പ്രതിമ, മയ്യനാട് കേശവൻ സ്മാരകം, പെരുമ്പാവൂർ പി.കെ.വി. ട്രസ്റ്റ്, കോട്ടയത്ത് കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകം, ഒ.എൻ.വി. കാവ്യഗ്രാമം തുടങ്ങിയവയ്ക്ക് 10 ലക്ഷംരൂപ വീതം അനുവദിക്കുന്നു. അൺ-അലോക്കേറ്റഡ് പ്ലാനിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ ഇതുകൂടി ഉൾക്കൊള്ളിക്കും. ഗാന്ധി സ്മാരക ഗ്രാമസേവാസമിതിയുടെ സീറോ ബഡ്ജറ്റ് കൃഷിയെക്കുറിച്ച് പ്രചാരണ പരിപാടി നടത്തുന്നതിന് 25 ലക്ഷം രൂപയും ശുദ്ധജലതടാക സ്കീമിനും മേപ്പയൂർ കാർഷിക പ്രോജക്ടിന് ആവശ്യമായ തുകയും ഹരിതഫണ്ടിൽനിന്ന് ലഭ്യമാക്കുന്നതാണ്. മണ്ണാർക്കാട് ബൈപാസ്, നാദാപുരം ബൈപാസ്, പെരുമ്പിലാവ്, നിലമ്പൂർ-കെ.എസ്.ടി.പി., മേഴ്സി കോളേജ്-ഒലവക്കോട് റോഡ്, കുഴൽമന്ദം-മുണ്ടൂർ റോഡ്, അന്നശ്ശേരി-ചീക്കിലോട്-നന്മണ്ട റോഡ്, കോരപ്പുഴക്കു കുറുകെ പാലം, നെട്ടൂർ-കടവന്ത്ര പാലം എന്നിവയ്ക്ക് അൺ-അലോക്കേറ്റഡ് ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതാണ്. കൊല്ലം പ്രസ് ക്ലബ്, ഡൽഹി കേരള പ്രസ് ക്ലബ് എന്നിവയ്ക്ക് 15 ലക്ഷം രൂപ വീതവും ആലപ്പുഴ പ്രസ് ക്ലബിന് 5 ലക്ഷം രൂപയും അനുവദിക്കുന്നു. പ്രാദേശിക പത്രപ്രതിനിധികൾക്ക് ക്ഷേമനിധി ആരംഭിക്കുന്നതാണ്. നോൺജേർണലിസ്റ്റ് പെൻഷൻ തുക ഉയർത്തുന്നതാണ്. ഇടുക്കിയിൽ ഗ്രീൻ ഫീൽഡ് എയർപോർട്ടിന്റെ പണി ആരംഭിക്കുന്നതാണ്. സ്പോർട്ട്സിനനുവദിച്ച ഫണ്ടിൽ ചാലക്കുടി ഇൻഡോർ സ്റ്റേഡിയം പണി കൂടി ഉൾപ്പെടുത്തുന്നതാണ്. കൊടുവള്ളി, ചാത്തന്നൂർ, കൂത്തുപറമ്പ്,

കുന്നത്തൂർ എന്നിവിടങ്ങളിൽ ഐ.ടി.-കൾ അനുവദിക്കും. കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, കോന്നി എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ ഓരോ പുതിയ കോഴ്സുകൾ തുടങ്ങും. ഏകാദ്ധ്യാപക വിദ്യാലയങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എസ്.സി ലംപ്സം ഗ്രാന്റ് 25 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട കാര്യത്തിൽ ഫയൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണാതെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന പ്രതിപക്ഷനേതാവ് അനുവാദം കൊടുത്തതിനെ സംബന്ധിച്ച് വ്യക്തമാക്കണം. കരാറൊക്കെ ഒപ്പിട്ടതിനുശേഷമാണ് ഫിനാൻസിലേക്ക് ഫയൽ വന്നത്. അത് ബന്ധപ്പെട്ട മന്ത്രി ഓവർ റൂൾ ചെയ്തിട്ടുമില്ല. എഴുതിയ ഫയൽ അപ്രത്യക്ഷമാക്കുകയാണുണ്ടായത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മന്ത്രിസഭ പാമോയിൽ ഇറക്കുമതി ചെയ്യാനുള്ള അനുമതി കൊടുത്ത് ആ തീരുമാനം ഓർഡറായി വരുന്നതിനു മുമ്പുതന്നെ കരാറാക്കി എന്നതാണ് ഇതിലെ ഏറ്റവും വലിയ പ്രശ്നം. ഈ കേസ് ചാർജ്ജ് ചെയ്യപ്പെട്ടശേഷം ഇത് തടസ്സപ്പെടുത്താൻ നിരവധി ഘട്ടത്തിൽ ശ്രമിച്ചിട്ടുണ്ട്. വിജിലൻസ് ചാർജ്ചെയ്ത കേസ് പിൻവലിച്ചു എന്ന ക്രഡിറ്റാണ് പ്രതിപക്ഷനേതാവനിനുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതുകൊണ്ടാണ് പാമോയിൽ കേസ് ഇപ്പോൾ കോടതിയുടെ മുമ്പിൽ നിലനിൽക്കുന്നത്. കേസ് വിചാരണ കോടതിയിലെത്തിക്കഴിഞ്ഞ സന്ദർഭത്തിലാണ് ആ കേസിലെ രണ്ടാം പ്രതി കോടതിയെ സമീപിച്ച് എന്നെ ഈ കേസിൽ നിന്ന് ഒഴിവാക്കണം, അന്നത്തെ ധനകാര്യമന്ത്രി ചെയ്ത കുറ്റം മാത്രമേ ഞാനും ചെയ്തിട്ടുള്ളൂ എന്ന് വാദിച്ചിരിക്കുന്നത്. ഇത് ദേശീയ

തലത്തിൽ ശ്രദ്ധിക്കപ്പെട്ട ഒരു കേസായി മാറിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് പരിശോധിക്കാൻ ഗവൺമെന്റ് ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ട്. ആ സ്പെഷ്യൽ പ്രോസിക്യൂട്ടർ ഗവൺമെന്റിന്റെ നിലപാട് കോടതിയിൽ വ്യക്തമാക്കും. അത് പരിശോധിച്ച് കോടതി വേണ്ട നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് നിരപരാധിത്വം തെളിയിക്കണമെന്നുണ്ടെങ്കിൽ കോടതിയെ സമീപിക്കാവുന്ന താണ്.

**ചട്ടം 142 പ്രകാരമുള്ള പ്രമേയം**

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): താഴെപ്പറയുന്ന പ്രമേയം അവതരിപ്പിക്കുന്നു:

“നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ച അവസാനിക്കുമ്പോൾ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും സബ്ജക്ട് കമ്മിറ്റികൾ നാല് ആഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 236-ന്റെ (2)-ാം ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ച് കാലാവധി തികച്ച് പിരിഞ്ഞുപോകുന്ന സഭ, വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടം 31-7-2011 വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.”

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 2.57-ന് പിരിഞ്ഞു.